(സി) നിർത്തലാക്കിയ കടകൾ പുനഃസ്ഥാപിക്കുന്നതിന് ഈ കടകളുടെ ഒഴിവ് പരസ്യപ്പെടുത്തി അപേക്ഷ സ്വീകരിച്ച് പതിവു നടപടിക്രമമനുസരിച്ച് ലൈസൻസിയെ നിയമിക്കുന്നതാണ്.

(ഡി) റേഷൻ സാധനങ്ങൾ മറിച്ച് വിറ്റതായുള്ള കേസുകൾ കണ്ടുപിടിക്കപ്പെട്ടിട്ടില്ല.

(ഇ) ഉദിക്കുന്നില്ല.

## കുറ്റിക്കാട്ടൂരിൽ ലാഭം മാർക്കറ്റ് ആരംഭിക്കാൻ നടപടി

66 [2683] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം മണ്ഡലത്തിലെ കുറ്റിക്കാട്ടൂരിൽ ലാഭം മാർക്കറ്റ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിനുവേണ്ടി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) കുറ്റിക്കാട്ടൂരിൽ ലാഭം മാർക്കറ്റ് എന്നു മുതൽ പ്രവർത്തനമാരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ & ബി) ഉണ്ട്. ഇവിടെ ലാഭം മാർക്കറ്റ് ആരംഭിക്കുന്നതിന് 24-9-2004-ലെ നടപടിക്രമം അനുസരിച്ച് അനുവാദം നൽകുകയുണ്ടായി. തുടർന്ന് അധിക സ്ഥലം ലഭ്യമാക്കുവാനും തീരുമാനമായി. ലാഭം മാർക്കറ്റിന്റെ ഫർണിഷിംഗ് ജോലികൾ അടിയന്തിരമായി നടത്തുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) കഴിയുന്നത്ര നേരത്തെ തന്നെ പ്രവർത്തനം ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## മഞ്ചേരി മണ്ഡലത്തിൽ ചീക്കോട് പഞ്ചായത്തിലെ പറപ്പൂർ, ചെറിയാപറമ്പിൽ പുതിയ റേഷൻ കട തുടങ്ങുന്നതിന് നടപടി

67 [2684] ശ്രീ. ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മണ്ഡലത്തിൽ ചീക്കോട് പഞ്ചായത്തിലെ പറപ്പൂർ, ചെറിയാപറമ്പിൽ പുതിയ റേഷൻകട തുടങ്ങുന്നതിന് നാട്ടുകാരിൽനിന്ന് അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണെന്ന് വ്യക്തമാക്കുമോ;



LIBRARY ARCHIVES Kerala Legislative Assembly